# സ്കൂൾ കലോത്സവം "നൂപുരം" 2023

മുപ്പത്തടം സ്കൂളിൽ 2023 അധ്യയനവർഷം സ്കൂൾ കലോത്സവം "നൂപുരം" 2023 വർണശബളമായി കുപ്പിവളകിലുക്കത്തിന്റെ അകമ്പടിയോടെ നൂപുരധ്വനിയുതിർത്ത് താളമേളങ്ങളോടെ അരങ്ങേറി. സ്കൂൾ പ്രധാനാധ്യാപിക ശ്രീമതി എമിലി സെബാസ്റ്റ്യൻ സ്വാഗതമേകിയ യോഗത്തിൽ വാർഡ്മെമ്പർ ശ്രീ കെ എൻ രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു. മുഖ്യാതിഥിയായെത്തി കലോത്സവ വേദിക്ക് മാറ്റു കൂട്ടിയത് സിനി ആർട്ടിസ്റ്റ് ശ്രീ ഷിജു അഞ്ചുമനയാണ്.കുട്ടികളുടെ സർഗവാസനകൾ ചേതോഹരമായി പരിലസിക്കുവാൻ ഈ വേദി പ്രയോജനപ്രദമാകട്ടെ എന്ന് ആശംസകൾ നേർന്ന്, ഹയർസെക്കണ്ടറിപ്രിൻസിപ്പാൾ ശ്രീമതി ലിജ പി ജെ, വാർഡ് മെമ്പർ ശ്രീമതി പ്രജിത, സീനിയർ അസിസ്റ്റന്റ് ശ്രീമതി സ്മിത കോശി, കലോത്സവംകൺവീനർ ശ്രീമതി ബബിത കെ എസ് എന്നിവർ സംസാരിച്ചു.




